നം. ഇ.എസ് 2-40318/2012/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 2 .02.2019

# നോട്ടീസ്

വിഷയം :— ആ.വ.ഡ – സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയില് ഉൾപ്പെടുത്തുന്നതിനായി ശ്രീ. കെ.ആർ. സുഖേഷ് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്

സൂചന:— 1) ജില്ലാ മെഡിക്കൽ ആഫീസറുടെ 19.12.2017, 23.08.2018 ലെ നം. എ2-18836/2017 ആയുള്ള കത്തുകൾ

2) ഈ ആഫീസിലെ ഇ.എസ്2-40318/2012 തീയതി 15.12.2014 ആയുള്ള ഉത്തരവ്

3) ഗ.ഉ (എം.എസ്) നം.66/92/ജനറൽ എഡ്യൂക്കേഷൻ തിരുവനന്തപുരം തീയതി 21.03.1992

4) നം. ഇ.എച്ച് 4-6749/90 തീയതി 10.06.1992

5) നം. എ2-597/91/ജി.മെ.ആ ആലപ്പുഴ തീയതി 15.07.1992

6) നം. ഇ.ഡി 1-03/2005/ആ.വ.ഡ തീയതി 03.05.2005

സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര ജില്ലാ ആശുപത്രിയിലെ സീനിയർ ക്ലാർക്കായ ശ്രീ. കെ.ആർ. സുഖേഷിന്റെ അപേക്ഷ സൂചന 1 പ്രകാരം അയച്ചു നൽകിയിരുന്നു. തുടർന്ന് അപേക്ഷ പരിഗണിക്കുന്നതിനായി ആവശ്യമുള്ള ചില രേഖകൾ കൂടി ആവശ്യപ്പെടുകയും ടിയാൻ ആയത് സമർപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ. കെ.ആർ. സുഖേഷ് സൂചന 3 പ്രകാരമുള്ള പി.എസ്.സി യുടെ അഡ്വൈസിന്റെയും സൂചന 4, 5 പ്രകാരമുള്ള ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ

നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 22.07.1992 ൽ എൽ.ഡി ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. 6/94 ൽ എം.ഒ.പി പാസ്സാവുകയും ഉത്തരവ് നം. എ4-4681/95/ ജി.മെ.ആ ആലപ്പുഴ തീയതി 01.03.1995 പ്രകാരം 22.07.1994 ൽ പരിവീക്ഷാക്കാലം പൂർത്തിയാക്കുകയും ചെയ്തു.

06/2000 ൽ വകുപ്പ്തല പരീക്ഷ പാസ്സായതനുസരിച്ച് സൂചന 6 പ്രകാരം 03.05.2005 ൽ സീനിയർ ക്ലാർക്കായി പ്രൊമോഷൻ ആകുകയും ചെയ്തിട്ടുള്ളതാണ്. പക്ഷേ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല.

ഈ സാഹചര്യത്തിൽ ശ്രീ. കെ.ആർ. സുഖേഷ് ജോലിയിൽ പ്രവേശിച്ച ഉത്തരവുകൾ, പരിവീക്ഷാക്കാലം പൂർത്തിയാക്കിയ തീയതി, വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി എന്നിവ പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 153 A സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

GOVERNMENT OF KERALA 2017-18

| ക്രമ നം. | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ.ഡി.സി തസ്തികയിലെ റാങ്ക് നം. | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നം. | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നം. |
|---|---|---|---|---|---|---|---|
| 1. | ശ്രീ. വി.ആർ. രാമകൃഷ്ണൻ | 25.05.59 | 30.03.92 | 12/1994 | 144 (90-93) | 153 | 153 |
| 2. | ശ്രീ. കെ.ആർ. സുരേഷ് | 31.05.65 | 22.07.92 | 05/2000 | 152 | - | 153 A |
| 3. | ശ്രീമതി. രമണി. എം.കെ | 01.08.61 | 22.09.89 | 12/2002 | 852 (86-90) | 154 | 154 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും നിലവിലില്ല എന്ന നിഗമനത്തിൽ ആയത് സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
**സി.എം. അജയമോഹൻ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.ഡി സെക്ഷൻ
5) ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

GOVERNMENT OF KERALA 2017-18